**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 201 — 12.02.2020-ലെ മറുപടിയ്ക്ക്

**<u>കായികക്ഷമതാ മിഷൻ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ്<br>,, എ. പ്രദീപ്കുമാർ<br>,, വി.കെ.പ്രശാന്ത്<br>,, സി.കൃഷ്ണൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും മികച്ച കായികക്ഷമതയും നല്ല ആരോഗ്യവും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന കായികക്ഷമതാ മിഷന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും വിദ്യാർത്ഥികളിലും, യുവതിയുവാക്കളിലും കായിക ക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യഥാർത്ഥ്യം ഉൾക്കൊണ്ട് കൊണ്ട് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനു വേണ്ടി ആരംഭിച്ച കേരള സാക്ഷരത മിഷൻന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കായികക്ഷമതാ മിഷൻ".<br>ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിക്കുന്നതാണ്.<br>➢ നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ<br>➢ 5-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ<br>➢ യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ<br>➢ യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ<br>പ്രസ്തുത പദ്ധതി സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കാനാണ് |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച് നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | സ്കൂൾ കായികമേളയിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് പരിശീലനം നൽകി അവരെ ഭാവി കായികതാരങ്ങളായി വളർത്തിയെടുക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | സ്കൂൾ തലം മുതൽ കായിക പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി</u>**<br>2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".<br>ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും, ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.<br><br>**<u>എലൈറ്റ് സ്കീം</u>**<br>മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നുണ്ട്.<br>**<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>**<br>ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി പെൺകുട്ടികൾക്കു വേണ്ടിയുള്ള 14 സെന്ററുകളിലേക്ക് കൂടി നടപ്പ് സാമ്പത്തിക വർഷം വ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>**<u>സ്പ്ലാഷ്</u>**<br>ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സ് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.<br>**<u>ഹൂപ്സ്</u>**<br>സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഷൂട്ട്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.<br><br>കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. |
| (സി) | പുതിയ സ്പോർട്സ് സ്കൂൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും നിലവിലുള്ളവയുടെ നിലവാരത്തെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (സി) | കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ പത്തനംതിട്ട ജില്ലയിലെ ഗവ.ഹയർ സെക്കന്ററി സ്കൂൾ, . തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, കാസർഗോഡ് ജില്ലയിലെ ചായോത്ത് ഗവ.ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ മൂന്ന് പുതിയ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>കൂടാതെ നിലവിലില്ലുള്ള സ്പോർട്സ് സ്കൂളുകളുടെ നിലവാരം സംബന്ധിച്ച് പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ള പക്ഷം തുടർ/പരിഹാര നടപടികൾ സ്വീകരിക്കാറുമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കായിക പരിശീലനത്തിനായി പുതിയ അക്കാദമികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | നിലവിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചു വരുന്നു.<br>കൂടാതെ കേരളത്തിലെ കുട്ടികൾ ഷൂട്ടിംഗ് മേഖലയിൽ അന്തർദേശീയ ദേശീയ ചാമ്പ്യൻമാരാക്കുന്നതിന് ശാസ്ത്രീയ പരിശീലനം നൽകുന്നതിനായി വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. അത്‌ലറ്റിക്സ് അക്കാഡമി കണ്ണൂരിൽ ആരംഭിക്കുന്ന കാര്യം പ്രഖ്യാപിച്ചിട്ടുണ്ട്.<br>അത്‌ലറ്റിക്സ്, വോളിബോൾ, തായ്ക്വോണ്ടോ, ജൂഡോ, കളരി, ടെന്നീസ് എന്നീ കായികയിനങ്ങളിൽ അക്കാഡമികൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**